Day 1 of 90 days ✝✝✝ 26th October 2017

## വിഷയം : 23 – ാം സങ്കീർത്തനം

ദൈവത്തിങ്കലേക്കു നോക്കികൊണ്ട്, ദൈവത്തിൽ നിന്ന് ലഭിക്കുന്ന നന്മകളെപ്പററി ധ്യാനിക്കുന്ന ഒരു ദൈവപൈതലിന്, ദൈവം മാനവജാതിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളെപ്പററി മൊത്തമായി ചിന്തിക്കുന്നതിനുപരിയായി, ദൈവം എനിക്കുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കേണം. ദൈവം ലോകത്തെ സ്നേഹിച്ചു എന്നതിലുപരി എന്നെ സ്നേഹിച്ചു എന്ന് ഗ്രഹിക്കണം. യേശു പാപികൾക്കുവേണ്ടി മരിച്ചു എന്നതിലുപരി എനിക്കുവേണ്ടി മരിച്ചു എന്ന് ഓർക്കണം. യേശു എന്നെ രക്ഷിച്ചു, യേശു എന്നെ സൗഖ്യമാക്കി, യേശു എന്നെ വഴി നടത്തി എന്നിങ്ങനെയുള്ള വ്യക്തിപരമായ ചിന്തകൾ ധ്യാനിക്കുന്ന ഹൃദയത്തിൽ ഒന്നിനുപുറകെ ഒന്നായി കുതിച്ചുയരണം. ദൈവം തനിക്ക് എന്തായിരിക്കുമെന്നും തനിക്കുവേണ്ടി എന്തു ചെയ്തു എന്നു ഉറപ്പിച്ചിട്ട് പറയുമ്പോൾ, കേൾവിക്കാരന്റെ മനസ്സിനെ മാത്രമല്ല, ഹൃദയത്തെകൂടി അത് സ്പർശിക്കുന്നു. അവനുവേണ്ടി അത്രയും ചെയ്ത ദൈവം എനിക്കുവേണ്ടിയും അത് ചെയ്യുകയില്ലേ എന്നു ചിന്തിക്കാൻ ഇടയുണ്ട്. ഈ സങ്കീർത്തനത്തിന്റെ എഴുത്തുകാരനായ ദാവീദ് ഇത് ആരോടും പ്രസംഗിക്കുകയല്ല, സ്വന്തം അനുഭവത്തെപ്പററി തന്നോടുതന്നെ ആവർത്തിച്ചുറപ്പിക്കുകയാണ്.

ഒരു സന്ധ്യവേളയിൽ ദാവീദ് തന്റെ ആടുകളെ ആലയിലാക്കിയശേഷം അതിനോട് ചേർന്നുള്ള സ്ഥലത്ത് പുൽമേടുകളിൽ വിശ്രമിക്കുന്നു. ഉറങ്ങുവാൻ അവന് സാദ്ധ്യമല്ല, കാരണം ആടുകൾ അവിടെയുണ്ട്, അവയെ സംരക്ഷിക്കണം. ചുററും ഇരുളിന് കട്ടി കൂടി വരികയാണ്. ഭീതിപ്പെടുത്തുന്ന അന്തരീക്ഷത്തിലാണ് തന്റെ ആടുകൾ ആയിരിക്കുന്നത്. അവയെ പിടിക്കുവാൻ ബദ്ധപ്പെട്ടു പതിയിരിക്കുന്ന ശത്രുക്കൾ ചുററുമുണ്ട്. അവയെ കടിച്ചുകീറുവാൻ തക്കം പാർത്തുനടക്കുന്ന ദുഷ്ടമൃഗങ്ങളുടെ ഞെട്ടിപ്പിക്കുന്ന അലർച്ചയെ ദിക്കുകളെ ഭേദിച്ചുകൊണ്ട് മുഴങ്ങുന്നു. ആ വല്ലാത്ത ഭീതിപ്പെടുത്തുന്ന കൂരിരുൾ നിറഞ്ഞ അന്തരീക്ഷത്തിൽ, ആ ആടുകൾക്ക് ഭയമില്ല. പെട്ടെന്ന് ദാവീദ് തന്റെ ആടുകളെ ഒന്നു നോക്കി, അവയുടെ ഭാവം അവനെ തികച്ചും ആശ്ചര്യപ്പെടുത്തി.

തുടരും....